**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡറായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. കെ. മുരളിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.1946/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.06.2015

==================================================================

പരാമർശം:- 1) കെ.എസ്.ആർ. പാർട്ട്.1, റൂൾ 113 പ്രകാരമുള്ള ശ്രീ. കെ. മുരളിയുടെ 15.04.2004-ലെ അപേക്ഷ.
2) കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 12.11.2013-ലെ ജി5-18194/03 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 06.12.2013, 05.05.2014 എന്നീ തീയതികളിലെ ജി2-11781/2013 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ (ഇപ്പോൾ കായംകുളം നഗരസഭ) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. കെ. മുരളിയ്ക്ക് 10.12.2003 മുതൽ 14.04.2004 വരെ (127 ദിവസം) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ശൂന്യവേതനാവധി അനുവദിച്ചു നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷയിന്മേൽ ടിയാളിന് ശൂന്യവേതനാവധി അനുവദിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.കെ. മുരളിയ്ക്ക് ടിയാൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരുന്ന 10.12.2003 മുതൽ 14.04.2004 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സൈമൺ. എച്ച്.,**
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. കെ. മുരളി, മഞ്ജു ഭവൻ, പനയപ്പള്ളി, മുക്കോല പി.ഒ., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**